**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 492** **02-02-2023 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ ഫണ്ട് വിനിയോഗത്തിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എം.എൽ.എ മാരുടെ ആസ്തിവികസന പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ നിർദ്ദേശിച്ച പ്രവൃത്തികളുടെ ഭരണാനുമതി ഭേദഗതി ചെയ്ത് നൽകുന്നതിന് തടസങ്ങൾ നിലവിലുണ്ടോ; | (എ) | ആസ്തിവികസന പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം, എം.എൽ.എ മാർ ശുപാർശ ചെയ്ത് സമർപ്പിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിച്ചതിനു ശേഷം പ്രസ്തുത പ്രവൃത്തി മണ്ഡലത്തിൽ ആവശ്യമില്ല എന്ന് എം.എൽ.എ.യ്ക്ക് ഉത്തമ ബോധ്യം ഉള്ള പക്ഷം ആയത് റദ്ദ് ചെയ്യാവുന്നതും പകരം പുതിയ പ്രവൃത്തി ആ സാമ്പത്തിക വർഷത്തിൽ തന്നെ ശുപാർശ ചെയ്യാവുന്നതുമാണ്. എന്നാൽ ഒരു സാമ്പത്തിക വർഷത്തിന് ശേഷം പ്രവൃത്തികൾ റദ്ദ് ചെയ്ത് പകരം പുതിയ പ്രവൃത്തികൾ നിർദ്ദേശിക്കുവാൻ സാധിക്കുകയില്ല. മുൻ വർഷങ്ങളിൽ നിർദ്ദേശിച്ച പ്രവൃത്തികളുടെ ഭരണാനുമതി ഭേദഗതി ചെയ്ത് നൽകുന്നത് പ്രത്യേകാനുമതിയിലൂടെ മാത്രമാണ്. |
| (ബി) | 2019-20 & 2021-22 വർഷത്തെ പദ്ധതികളിൽ ഭേദഗതി നിർദ്ദേശിച്ചെങ്കിലും ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള അവസാന തീയതി 31-12-2022-ന് അവസാനിച്ചതായാണ് അറിയിപ്പ് ലഭിച്ചത് എന്നതിനാൽ ഭരണാനുമതി നൽകുന്നതിനുള്ള അവസാന തീയതി നീട്ടി നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ബി) | ആസ്തിവികസന പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം, എം.എൽ.എ മാർ ശുപാർശ ചെയ്ത് സമർപ്പിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിച്ചതിനു ശേഷം പ്രസ്തുത പ്രവൃത്തി മണ്ഡലത്തിൽ ആവശ്യമില്ല എന്ന് എം.എൽ.എ.യ്ക്ക് ഉത്തമ ബോധ്യം ഉള്ള പക്ഷം ആയത് റദ്ദ് ചെയ്യാവുന്നതും പകരം പുതിയ പ്രവൃത്തി ആ സാമ്പത്തിക വർഷത്തിൽ തന്നെ ശുപാർശ ചെയ്യാവുന്നതുമാണ്. എന്നാൽ ഒരു സാമ്പത്തിക വർഷത്തിന് ശേഷം പ്രവൃത്തികൾ റദ്ദ് ചെയ്ത് പകരം പുതിയ പ്രവൃത്തികൾ നിർദ്ദേശിക്കുവാൻ സാധിക്കുകയില്ല. മുൻ വർഷങ്ങളിൽ നിർദ്ദേശിച്ച പ്രവൃത്തികളുടെ ഭരണാനുമതി ഭേദഗതി ചെയ്ത് നൽകുന്നത് പ്രത്യേകാനുമതിയിലൂടെ മാത്രമാണ്. |

സെക്ഷൻ ഓഫീസർ